DISPATCHED
20/09/22


## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in


ഹർജി നമ്പർ **AP 1207(1)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.5389/SIC-Gen4/2018**

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

**തീയതി : 2022 സെപ്റ്റംബർ 17**

ശ്രീമതി. സുഹറാബി,
ഇരയംപാടം വീട്,
കരുവൻതിരുത്തി,
കോഴിക്കോട്. } അപ്പീൽ ഹർജിക്കാരി

1. ശ്രീ. ജി. ബാലചന്ദ്രൻ,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ ഓഫ് പോലീസ്,
ഫറോക്ക് പോലീസ് സ്റ്റേഷൻ,
കോഴിക്കോട് സിറ്റി.
2. ശ്രീ. രമേശ് കുമാർ എ.,
സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,
മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ,
കോഴിക്കോട് സിറ്റി.
3. അപ്പീൽ അധികാരി,
സൗത്ത് അസി. പോലീസ് കമ്മീഷണറുടെ
കാര്യാലയം, കോഴിക്കോട് സിറ്റി.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷൻ 30.10.2018-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിരുന്നില്ല എന്ന വീഴ്ചക്ക് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ജി. ബാലചന്ദ്രൻ കമ്മീഷൻ മുമ്പാകെ 26.5.2022-ന് ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, കമ്മീഷന്റെ 19.6.2019-ലെ കത്തിന്റെ അടിസ്ഥാനത്തിൽ, അന്നത്തെ ഫറോക്ക് പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീ. രമേശ് കുമാർ, സബ് ഇൻസ്പെക്ടർ, ഫറോക്ക് പോലീസ് സ്റ്റേഷൻ എന്നവർ ശ്രീമതി. സുഹറാബി എന്നവരുടെ അപേക്ഷയിന്മേൽ

സമയബന്ധിതമായി മറുപടി കൊടുത്തതായി പ്രസ്താവിച്ചിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ ഡെസ്പാച്ച് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ എന്നിവയുടെ പകർപ്പുകൾ കമ്മീഷന് മുമ്പാകെ ഹാജരാക്കാത്തതിനാൽ ആയത് അയച്ചു തരണമെന്ന് ഉത്തരവിട്ടിട്ടുള്ളതാണെന്നും ആയത് ലഭ്യമായിട്ടില്ലെന്നും കാണിച്ചാണ് 25.4.2022 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷനിലെ 2018 വർഷത്തെ ഡെസ്പാച്ച് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ എന്നിവ വിശദമായി പരിശോധിച്ചതിൽ ഹർജിക്കാരി 12.1.2018 തീയതി നൽകിയ വിവരാവകാശ അപേക്ഷയിൽ 12.2.2018 തീയതി ഫറോക്ക് സ്റ്റേഷനിൽ ഡെസ്പാച്ച് നമ്പർ 232/18 ആയി മറുപടി നൽകിയിട്ടുള്ളതായും പ്രസ്തുത മറുപടി അയച്ചതിന് സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റേർഡ് സംബന്ധിച്ച വിവരങ്ങൾ ചേർത്തതായും കാണപ്പെട്ടതിൽ ടി ഡെസ്പാച്ച് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ എന്നിവയുടെ പേജുകളുടെ പകർപ്പുകൾ സഹിതം റിപ്പോർട്ട് 4.7.2021 തീയതി ഫറോക്ക് പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചാർജ് ഏറ്റെടുക്കുമ്പോൾ ഹർജിക്കാരിയുമായി ബന്ധപ്പെട്ട ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷനിൽ റിപ്പോർട്ട് ഹാജരാക്കാൻ ബാക്കിയുള്ളതായി കാണപ്പെടാത്തതിന്റെ അടിസ്ഥാനത്തിലാണ്, 2018 വർഷത്തെ ഡെസ്പാച്ച് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ എന്നിവ പരിശോധിച്ച് ഹർജിക്കാരിക്കു നൽകിയ മറുപടിയുമായി ബന്ധപ്പെട്ട രേഖകൾ റിപ്പോർട്ട് സഹിതം സമയബന്ധിതമായി കമ്മീഷൻ മുമ്പാകെ ഇ-മെയിൽ മുഖാന്തിരം നൽകിയിട്ടുള്ളതാണെന്നുമാണ്.

4. മേൽപ്പടി വിശദീ കരണങ്ങളും എതിർകക്ഷികളെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിക്കുകയുണ്ടായി. നേരിൽ കേട്ടവേളയിൽ ഒന്നും രണ്ടും എതിർകക്ഷികൾ തങ്ങൾക്ക് സംഭവിച്ച വീഴ്ചയിൽ കമ്മീഷനു മുമ്പാകെ മാപ്പപേക്ഷിച്ചിട്ടുണ്ട്. പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിയായ ശ്രീ. രമേശ്കുമാർ ഹർജിക്കാരിക്ക് മറുപടി നൽകുന്നതിൽ സംഭവിച്ച വീഴ്ച സമ്മതിക്കുകയും കമ്മീഷനോട് മാപ്പപേക്ഷിക്കുകയുണ്ടായി. ഹർജിക്കാരിക്ക് മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിയായ ശ്രീ. രമേശ് കുമാറിന് ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച വരുത്തരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് പിഴ ശിക്ഷയായി 2000/- രൂപ (രണ്ടായിരം രൂപ മാത്രം) ടിയാനിൽ നിന്നും ഈടാക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. രമേശ്കുമാർ 2000/- രൂപ (രണ്ടായിരം രൂപ മാത്രം) "0070-60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 30/9/2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ

ശമ്പളത്തിൽ നിന്നും വസുലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം സ്ഥാപന മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി പിഴസംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, സൗത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ കോഴിക്കോട് സിറ്റിക്ക് കൂടി അയച്ചു കൊടുക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 17–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk